കേരള ഫോറസ്ട്രി പ്രോജക്ടിന്റെ ഭാഗമായി ലോകബാങ്ക് സഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതി

*18 [222] ശ്രീ. രാജു എബ്രഹാം:
,, പി. ജയരാജൻ:
,, മത്തായി ചാക്കോ:
,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫോറസ്ട്രി പ്രോജക്ടിന്റെ ഭാഗമായി ലോകബാങ്ക് സഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതിയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പഠനം നടത്തിയ ഏജൻസി ഏതാണെന്നും പഠന റിപ്പോർട്ടിലെ ഉള്ളടക്കം എന്താണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഫോറസ്ട്രി പ്രോജക്ടിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) അന്വേഷണത്തിന്റെ ഫലമായി കുറ്റക്കാരായ ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷാനടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ഫോറസ്ട്രി പ്രോജക്ടിന്റെ പ്രവർത്തനം നിഷ്പക്ഷവും ഫലപ്രദവുമാക്കാൻ നടപടി സ്വീകരിക്കുമോ?

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) കേരള ഫോറസ്ട്രി പ്രോജക്ടിന്റെ ഭാഗമായി ലോകബാങ്ക് സഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതിയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. അഗ്രിക്കൾച്ചറൽ ഫൈനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് തിരുവനന്തപുരം ആണ് പഠനം നടത്തിയത്. കേരള ഫോറസ്ട്രി പ്രോജക്ടിലെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കിയതുകൊണ്ട് ടി പ്രോജക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നേടുകയും കേരള വനം വകുപ്പിന്റെ തുടർന്നുള്ള വികസന പ്രവർത്തനങ്ങൾക്ക് വേണ്ട വ്യത്യസ്തവും ശക്തവുമായ അടിത്തറ ഉണ്ടാവുകയും ചെയ്തുവെന്നാണ് പഠന റിപ്പോർട്ടിലെ ഉള്ളടക്കം.

(ബി) പഠന റിപ്പോർട്ടിന്റെ സംക്ഷിപ്ത വിവരണം (Executive Summary) അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(സി) അന്വേഷണം നടത്തിയിട്ടുണ്ട്.

† നിയമസഭാലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അന്വേഷണത്തിന്റെ ഫലമായി കുറ്റക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

കൊള്ളമല എ.എൻ.ആർ. ഏരിയയിൽ കേരള ഫോറസ്ട്രി പ്രോജക്ട് സ്കീമിൽ നടന്ന ജോലികളിൽ നടന്ന ക്രമക്കേടുകൾക്ക് അന്നത്തെ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ, റെയിഞ്ചോഫീസർ, ഫോറസ്റ്റർ എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചു. തുടർന്ന് മൂന്നുപേർക്ക് കുറ്റപത്രം നൽകുകയും ഔദ്യോഗിക അന്വേഷണത്തിന് ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്. അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല. കോട്ടയം, കോതമംഗലം വനം ഡിവിഷനുകളിൽ കേരള ഫോറസ്ട്രി പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയ തോട്ടം നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാതിയുടെ വെളിച്ചത്തിൽ വിജിലൻസ് സി.സി.എഫ്. അന്വേഷണം നടത്തുകയും കുറ്റക്കാരായ മൂന്നു ഡി.എഫ്.ഒ., 4 റെയിഞ്ചോഫീസർമാർ, 4 ഫോറസ്റ്റർമാർ, 5 ഫോറസ്റ്റ് ഗാർഡുമാർ എന്നിവരുടെ പേരിൽ ശിക്ഷാനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ രണ്ടു ഡി.എഫ്.ഒ.-മാരെയും രണ്ടുഫോറസ്റ്റർമാരെയും സസ്പെന്റ് ചെയ്യുകയും പിന്നീട് സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ എല്ലാ ഉദ്യോഗസ്ഥർക്കും അച്ചടക്ക നടപടിയുടെ ഭാഗമായി കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകിയിട്ടുണ്ട്. തുടർന്ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്നത്തെ ഹൈറെയിഞ്ച് സർക്കിൾ കൺസർവേറ്റർ ഉൾപ്പെടെ 14 വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ കേരള ഫോറസ്ട്രി പ്രോജക്ടിനുവേണ്ടി അനുവദിച്ച തുക ദുരുപയോഗം ചെയ്തെന്ന് കാണിച്ച് വി.സി. 8/00/ഐ.ഡി.കെ. ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ തൊടുപുഴ റെയിഞ്ചിലെ വനവൽക്കരണ ജോലിയിലെ അഴിമതിയുടെ ഭാഗമായി ഒരു റെയിഞ്ചോഫീസറെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുമുണ്ട്.

(ഇ) ഫോറസ്ട്രി പ്രോജക്ടിന്റെ പ്രവർത്തനം നിഷ്പക്ഷവും ഫലപ്രദവുമായി തന്നെയാണ് നടത്തിയിട്ടുള്ളത്.

എൻഡോസൾഫാൻ എന്ന കീടനാശിനിയുടെ ഉപയോഗം

*19 [223] ശ്രീ. ബിനോയ് വിശ്വം:

,, എം. കുമാരൻ:

,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ എന്ന കീടനാശിനി എന്നു മുതലാണ് കാസർഗോട്ടെ പ്ലാന്റേഷൻ കോർപ്പറേഷൻ വക കശുമാവിൻ തോട്ടങ്ങളിൽ ഉപയോഗിച്ചു തുടങ്ങിയത്;

(ബി) ഒരേ കീടനാശിനി ഒരേ തരത്തിലുള്ള കീടത്തെ നശിപ്പിക്കുവാൻ ഒരേ വിളയിൽ 20 വർഷത്തിലേറെ ഉപയോഗിച്ചാൽ പ്രതിരോധം സൃഷ്ടിക്കുവാൻ കീടത്തിന് കഴിയുമെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly